# തൃക്കാക്കര സഹകരണ ആശുപത്രി ജനകീയ കൂട്ടായ്മയ്ക്ക് ഒരു മാതൃക

തൃക്കാക്കര പുരാണ പ്രസിദ്ധമാണ്. എറണാകുളം ജില്ലയുടെ തലസ്ഥാനവും അവിടെയാണ്. തൃക്കാക്കര ഗ്രാമപഞ്ചായത്ത് ഇടപ്പിള്ളി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്നു. കൊച്ചി നഗരത്തെ തൊട്ടുകിടക്കുന്നതാണെങ്കിലും പുഴയും കുന്നുകളും പാടങ്ങളും നിറഞ്ഞ ഗ്രാമീണ പ്രകൃതി തൃക്കാക്കരയ്ക്ക് ഇനിയും നഷ്ടമായിട്ടില്ല. അടുത്തകാലത്തായി കൊച്ചി നഗരത്തിന്റെ പ്രാന്തവികസന പ്രദേശമായി ഈ പഞ്ചായത്ത് മാറി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള നേവൽ ഫിസിക്കൽ ഓഷ്യനോഗ്രാഫിക് ലബോറട്ടറി, ആകാശവാണി, ദൂരദർശൻ, കിൻഫ്രയുടെ വ്യവസായ പാർക്ക്, കേരളത്തിലെ ഏക കയറ്റുമതി സംസ്കരണ മേഖല തുടങ്ങി

ഒട്ടേറെ സ്ഥാപനങ്ങൾ ഇവിടെ ഉയർന്നുവന്നു. സിവിൽ സ്റ്റേഷനും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾക്കും പുറമേ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റേതടക്കം പുതിയ ക്വാർട്ടേഴ്സുകളും നിർമിച്ചിട്ടുണ്ട്. കൊച്ചി നഗരത്തെ അപേക്ഷിച്ച് ഭൂവില കുറവായിരുന്ന ഇവിടെ നൂറോളം സ്വകാര്യ ഭവന സമുച്ചയങ്ങളും ഫ്ളാറ്റുകളും ഉണ്ടായി. ചുരുക്കത്തിൽ ഒരു പതിറ്റാണ്ടിനകം ഇവിടുത്തെ ജനസംഖ്യ ഏതാണ്ട് ഇരട്ടിയായി. ഇപ്പോൾ 75,000ത്തോളം പേർ നിവസിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിൽ രണ്ടു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്വകാര്യമേഖലയിൽ നഗരത്തിൽ കൂണുപോലെ പൊങ്ങിവരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ഏറെ ചെലവേറിയതാണ്. സാധാരണക്കാരന് അപ്രാപ്യവുമാണ്.

ജനകീയ പരിഹാര നിർദേശങ്ങൾ

സർക്കാർ ഉടമസ്ഥതയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരാശുപത്രിയെന്ന നാട്ടുകാരുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടില്ലെന്ന് ബോധ്യപ്പെട്ട സമയത്താണ് വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്വകാര്യമേഖലയ്ക്കും സർക്കാർ മേഖലയ്ക്കുമിടയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ ആശുപത്രി എന്ന ആശയം അങ്ങനെയാണ് ഉയർന്നുവന്നത്. പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത ഒന്നാമത്തെ ഗ്രാമസഭകളിൽ തന്നെ ഈ ആവശ്യം ഉയർന്നുവന്നു. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക എന്നതായിരുന്നു അന്ന് ഉയർന്നുവന്ന നിർദേശം. എന്നാൽ, ചില പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം അതു നടപ്പായില്ല.

രണ്ടാം വാർഷിക പദ്ധതി രൂപീകരണ ഘട്ടത്തിൽ ആരോഗ്യ കർമസമിതി ജനകീയ ആവശ്യമെന്ന നിലയിൽ സഹകരണ ആശുപത്രി നിർമാണം കരട് നിർദേശത്തിൽ ഉൾപ്പെടുത്തി. എല്ലാ ഗ്രാമസഭകളിലും ഈ പദ്ധതിക്കാര്യം വിശദമായി ചർച്ച ചെയ്തു. വികസന സെമിനാറിന്റെ ഘട്ടമായപ്പോഴേക്കും പദ്ധതിയെക്കുറിച്ച് വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 50,000 രൂപയും അംഗങ്ങളുടെ ഓഹരിയായി 20 ലക്ഷം രൂപയും സർക്കാർ ഓഹരിധനമായി 10 ലക്ഷം രൂപയും ചേർത്തതായിരുന്നു പദ്ധതിയുടെ അടങ്കൽ. ബ്ലോക്കതല വിദഗ്ധസമിതിയും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ 1998 നവംബർ ഒന്നിന് ആരംഭിച്ചു.

പ്രവർത്തനങ്ങൾ

പഞ്ചായത്തുതലത്തിൽ വിളിച്ചുചേർത്ത ആദ്യയോഗത്തിൽ നൂറോളം പേർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ രാഷ്ട്രീയ ബഹുജന സംഘടനാ നേതാക്കൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ഡോക്ടർമാർ തുടങ്ങിയവരുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. യോഗം കരട് ബൈലോ ചർച്ച ചെയ്ത് അംഗീകരിച്ചു. സാധാരണ അംഗത്തിന് 250 രൂപ. വോട്ടിംഗ് അവകാശമില്ലാത്ത അസോസിയേറ്റ് അംഗത്തിന് നൂറ് രൂപ എന്നു നിശ്ചയിച്ചു. സംഘത്തിന്റെ പ്രവർത്തനപരിധി തൃക്കാക്കര ഗ്രാമപഞ്ചായത്ത് ആയിരിക്കും. എല്ലാ വിഭാഗത്തിൽ പെട്ടവർക്കും പ്രാതിനിധ്യം ലഭ്യമാക്കുന്ന വിധത്തിൽ ഒമ്പത് അംഗ പ്രമോട്ടിംഗ് കമ്മിറ്റി രൂപീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമടക്കം നാല് അംഗങ്ങളും ഒരു ഡോക്ടറും (ജില്ലാ ആശുപത്രിയുടെ പ്രധാന ഡോക്ടർ), രണ്ടു ജനകീയാസൂത്രണ പ്രവർത്തകരും വ്യാപാരി വ്യവസായി സംഘടനയുടെ ഒരു പ്രതിനിധിയും ഒരു സന്നദ്ധ പ്രവർത്തകനും ഉൾക്കൊള്ളുന്നതായിരുന്നു ഈ സമിതി. ഭരണ-പ്രതിപക്ഷ കക്ഷികളിൽപെട്ട അംഗങ്ങൾ സമിതിയിലുണ്ടായിരുന്നു. ചീഫ് പ്രമോട്ടർ ജനകീയാസൂത്രണ പ്രവർത്തകനായിരുന്നു. പ്രമോട്ടിംഗ് സമിതി നിർദിഷ്ട രേഖകളുമായി സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ വഴി ജോയിന്റ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചു. അപേക്ഷ അംഗീകരിച്ച് പ്രാഥമികമായി നൂറ് അംഗങ്ങളെ ചേർത്ത് രജിസ്ട്രേഷന് അപേക്ഷിക്കാൻ അനുവാദം ലഭിച്ചു. ജനങ്ങളുടെ പ്രതികരണം അത്ഭുതാവഹമായിരുന്നു. 1200 ഓളം പേർ അംഗത്വത്തിന് അപേക്ഷിച്ചു. 3 ലക്ഷത്തിൽ പരം രൂപ അംഗത്വഫീസായി ലഭിച്ചു ഈ തുക ജില്ലാ സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തി. 1999 മാർച്ചിൽ സംഘം രജിസ്റ്റർ ചെയ്തു. 1999 ഏപ്രിൽ ആദ്യം പൊതുയോഗം ചേർന്ന ബൈലോ അംഗീകരിച്ചു. തുടർ നടപടികൾക്കായി പ്രമോട്ടിംഗ് കമ്മിറ്റി ചുമതലപ്പെടുത്തി.

(തുടരും.....)